പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 7790 15.07.2014-ൽ മറുപടിയ്ക്ക്

## ജിംനാസ്റ്റിക് താരങ്ങൾക്ക് സ്പോർട്സ് ക്വാട്ട പ്രവേശനം

**ചോദ്യം**

ശ്രീ.എ.പ്രദീപ്കുമാർ

**മറുപടി**

ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി)

(എ) സംസ്ഥാനത്തെ സ്പോർട്സ് കൗൺസിലിന്റെ നടപടിമൂലം ജിംനാസ്റ്റിക് താരങ്ങൾക്ക് പ്ലസ് വൺ, ഡിഗ്രി പ്രവേശനത്തിന് ഗ്രേസ് മാർക്കും സ്പോർട്സ് ക്വാട്ട പ്രവേശനവും നിഷേധിക്കപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) 1985 മുതൽ പ്രവർത്തിച്ചുവരുന്നതായ സ്റ്റേറ്റ് ജിംനാസ്റ്റിക് അസോസിയേഷൻ സംസ്ഥാന ചാമ്പ്യൻഷിപ്പുകൾ നടത്തി അതിൽ വിജയിച്ച കുട്ടികൾക്ക് സ്പോർട്സ് ക്വാട്ട ആനുകൂല്യം നൽകുന്ന ആവശ്യവുമായി സ്പോർട്സ് കൗൺസിലിനെ സമീപിച്ചിരുന്നുവോ ; സ്പോർട്സ് കൗൺസിൽ എടുത്ത നിലപാട് വെളിപ്പെടുത്തുമോ ;

(സി) അസോസിയേഷനുകളിൽ തർക്കങ്ങളുണ്ടാകുമ്പോൾ കായികതാരങ്ങളുടെ ഭാവിയെ അത് ബാധിക്കരുതെന്ന തീരുമാനം ഉണ്ടായിരുന്നുവോ ; എങ്കിൽ അത് മാനിക്കാതിരുന്നതെന്തു കൊണ്ടാണെന്ന് വെളിപ്പെടുത്താമോ ?

(എ) ഉണ്ട്.

(ബി) കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ ഇതു സംബന്ധിച്ച് കായികതാരങ്ങളിൽ നിന്ന് രേഖാമൂലം പരാതികളോ, നിവേദനങ്ങളോ ലഭിച്ചിട്ടില്ല.

(സി) 2008-ലെ കേരള സ്പോർട്സ് ചട്ടങ്ങൾ റൂൾ 60 പ്രകാരം, സ്പോർട്സ് അസോസിയേഷനുകളിലെ അംഗത്വം റദ്ദാക്കുകയാണെങ്കിൽ ഈ നടപടി കായിക താരങ്ങളുടെ അവകാശങ്ങളെ ബാധിക്കരുത് എന്ന് പരാമർശിച്ചിട്ടുണ്ട്. എന്നാൽ ജിംനാസ്റ്റിക് കായികയിനവുമായി ബന്ധപ്പെട്ട് കേരളത്തിൽ പ്രവർത്തിക്കുന്ന രണ്ട് സംഘടനകൾ തമ്മിലുള്ള തർക്കങ്ങൾ മൂലമാണ് ജിംനാസ്റ്റിക്സ് കായിക താരങ്ങൾക്ക് ആനുകൂല്യങ്ങൾ നൽകുവാൻ കഴിയാത്ത സ്ഥിതി സംജാതമായിട്ടുള്ളത്. കൂടാതെ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ അംഗീകരിച്ചിട്ടുള്ള സംഘടനകൾ സംഘടിപ്പിക്കുന്ന ചാമ്പ്യൻഷിപ്പുകൾ

സംബന്ധിച്ചുള്ള അറിയിപ്പ് ടി അസോസിയേഷനുകൾ രേഖാമൂലം കൗൺസിലിൽ അറിയിക്കുകയും, ആയതിലേയ്ക്ക് നിയമാനുസൃതം കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ നിന്നും നിരീക്ഷകനെ ചുമതല പ്പെടുത്തുകയും, പ്രസ്തുത ചാമ്പ്യൻഷിപ്പുകളിൽ പങ്കെടുത്ത കായികതാരങ്ങൾക്ക് നൽകുന്ന സർട്ടിഫിക്കറ്റുകളിൽ ടി നിരീക്ഷകൻ കൗണ്ടർസൈൻ ചെയ്താൽ മാത്രമേ ടി സർട്ടിഫിക്കറ്റുകൾ ഗ്രേസ് മാർക്ക്, സ്പോർട്സ് ക്വാട്ട അഡ്മിഷൻ എന്നിവയിലേയ്ക്ക് പരിഗണിക്കുകയുമുള്ളൂ എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ കേരള ജിംനാസ്റ്റിക്സ് അസോസിയേഷൻ സംഘടിപ്പിച്ച ചാമ്പ്യൻഷിപ്പുകൾക്ക്, സംഘടനയ്ക്ക് അംഗീകാരമില്ലാത്തതിന്റെ അടിസ്ഥാനത്തിൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ നിന്നും നിരീക്ഷകനെ നിയോഗിച്ചിരുന്നില്ല. ആയതിനാൽ അംഗീകാരമില്ലാത്ത ഒരു കായിക സംഘടന നടത്തിയ ചാമ്പ്യൻഷിപ്പുകളുമായി ബന്ധപ്പെട്ട് നൽകിയിട്ടുള്ള സർട്ടിഫിക്കറ്റുകൾ നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം പരിഗണിക്കുവാൻ നിർവ്വാഹമില്ല.

സെക്ഷൻ ഓഫീസർ